# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 579

02.12.2014 ലെ മറുപടിയ്ക്ക്

## കുന്ദമംഗലം സബ് ട്രഷറി

**ചോദ്യം**

ശ്രീ. പി.ടി.എ. റഹീം

**ഉത്തരം**

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ സബ് ട്രഷറിപ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | : | കുന്ദമംഗലത്ത് ഒരു ഏകാംഗ ട്രഷറി പ്രവർത്തിച്ചിരുന്നു എന്നത് കണക്കിലെടുത്തും നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലും പുതുതായി സബ് ട്രഷറി ഓഫീസർ തസ്തിക ഒഴികെ മറ്റൊരു തസ്തികയും സൃഷ്ടിക്കയില്ലെന്നും അധികമായി വേണ്ടി വരുന്ന തസ്തിക പുനർ വിന്യാസം വഴി കണ്ടെത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്നതിന് സ.ഉ. (എം.എസ്) 343/14/ധന പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 19/09/14 ലെ സ.ഉ. (പി) 400/14/ധന പ്രകാരം നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2015 മാർച്ചിനു ശേഷം മാത്രമേ സബ് ട്രഷറി ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് നിർവ്വാഹമുള്ളൂ. |
| (ബി) | സബ് ട്രഷറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | : | |

അക്കൗണ്ട്സ് ഓഫീസർ